ജന്മഭൂമി
06 May 2017

# മത്സ്യത്തൊഴിലാളികൾക്ക് ലാഭമുണ്ടാകുന്ന പദ്ധതികൾ തുടങ്ങും–കേന്ദ്രമന്ത്രി

**കൊച്ചി:** മത്സ്യമേഖലയുടെ പുരോഗതിക്ക് കേന്ദ്രസർക്കാർ കൂടുതൽ ഊന്നൽ നൽകുമെന്നും വൈകാതെ തന്നെ ഇതിന്റെ ഗുണഫലം മത്സ്യത്തൊഴിലാളികൾക്ക് അനുഭവിക്കാനാകുമെന്നും കേന്ദ്ര കൃഷി സഹ മന്ത്രി സുദർശൻ ഭഗത്. സിഎംഎഫ്ആർഐയിൽ നടന്ന മത്സ്യത്തൊഴിലാളി-മത്സ്യകർഷക സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ലാഭമുണ്ടാകുന്ന പദ്ധകൾ ആവിഷ്കരിക്കും. മത്സ്യ മേഖലയിൽ ജിഐഎസ് (ജ്യോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം) സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണണം. മീൻപിടുത്ത ചെലവ് ഗണ്യമായി കുറയക്കാൻ ഇതുമൂലം സാധിക്കും. മത്സ്യങ്ങൾ ധാരാളമായുള്ള സ്ഥലങ്ങൾ അടയാളപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് കൈമാറാൻ ഇതുവഴി സാധിക്കും.

വിവിധയിനം വറ്റ മത്സ്യങ്ങളെ തിരിച്ചറിയുന്നതിന് വേണ്ടി സിഎംഎഫ്ആർഐയിലെ ഉപരിതലമത്സ്യ ഗവേഷണ വിഭാഗം പുറത്തിറക്കിയ കൈപ്പുസ്തകം കേന്ദ്രമന്ത്രി പ്രകാശനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ, ഡോ. ജി. മഹേശ്വരുഡു എന്നിവർ സംസാരിച്ചു.